**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2476** **13-09-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ പൊതു സർവീസിന്റെ വിശേഷാൽ ചട്ടങ്ങളുടെ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ പൊതു സർവീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് രണ്ട് തസ്തികയുടെ നിശ്ചിത യോഗ്യതകളുടെ സമാന യോഗ്യതയായി , സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിങ് (എസ്.സി.വി.ടി.) നടത്തിയിരുന്ന ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് കൂടി പരിഗണിച്ച് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കാമോ? | (എ) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ Junior Health Inspector Grade II (Municipal Common Service), Health Inspector Grade II (Panchayat Department) എന്നീ തസ്തികകൾ പുനർനാമകരണം ചെയ്ത് Public Health Inspector Grade II കാറ്റഗറിയായി Group II Public Health and Environment Management Wing, LSGD യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ Rule 5 Group II ൽ Sl No. 5 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 'Any other equivalent qualification' ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഐ.ടി.ഐ യുടെ കീഴിൽ സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിങ് (എസ്.സി.വി.റ്റി) നടത്തിയിരുന്ന ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് സർട്ടിഫിക്കറ്റ് മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ നിശ്ചിത യോഗ്യതകളുടെ സമാന യോഗ്യതയായി അംഗീകരിച്ച് 05.07.2018 ൽ സ.ഉ (സാധാ) നം. 1838/2018/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ equivalency certificate ലഭ്യമാക്കിയാൽ Public Health Inspector Grade II തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ഈ വിഷയത്തിൽ വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ട ആവശ്യമുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ